"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീമതി.സുമംഗലാദേവി.സി, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III (റിട്ട.) ന്റെ പെൻഷൻ -അക്കൗണ്ടന്റ് ജനറലിനു നിർദ്ദേശം നൽകിക്കൊണ്ടും -തിരുവനന്തപുരം ജില്ലാ ട്രഷറി മുഖേന അനുവദിക്കുന്നതിനുള്ള അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1980/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-
1. 21/02/2015-ലെ സ.ഉ (സാധാ) 522/2015/തസ്വഭവ നമ്പർ ഉത്തരവ്
2. ശ്രീമതി സുമംഗലാദേവി.സി, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III (റിട്ട) ന്റെ 14.08.2024 ലെ അപേക്ഷ

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കി വരവെ ശ്രീമതി സി. സുമംഗലാദേവിയെ കെ.എസ്. & എസ്.എസ്.ആർ ചട്ടം 9 (a) (i) പ്രകാരം താൽക്കാലിക നഗരസഭാ സെക്രട്ടറി ഗ്രേഡ് III (പ്രൊവിഷണൽ സെക്രട്ടറി) തസ്തികയിൽ നിയമനം നൽകിയിരുന്നു. ടി തസ്തികയിൽ ടിയാൾ ജോലി നോക്കി വരവെ ടിയാളെ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് 10 മാസം അവശേഷിക്കെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് തരംതാഴ്ത്തി തിരുവനന്തപുരം നഗരസഭയിൽ നിയമിക്കുകയും, തിരുവനന്തപുരം നഗരസഭയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 30/04/2007-ൽ ടിയാൾ വിരമിക്കുകയുമുണ്ടായി. അപേക്ഷകയായ ശ്രീമതി സി. സുമംഗലാ ദേവിയെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽനിന്നും 21.06.2006-ൽ ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് തരം താഴ്ത്തുന്ന തീയതി മുതൽ ടിയാൾ പെൻഷനാകുന്ന 30.04.2007 വരെ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III യുടെ 14 ഒഴിവുകൾ ഉണ്ടായിരുന്നു. ആകയാൽ പെൻഷനാകുന്നതിനു തൊട്ടു മുമ്പുള്ള ടി തരംതാഴ്ത്തലിന്റെ ഫലമായി കക്ഷിക്ക് പെൻഷൻ ആനുകൂല്യങ്ങളിൽ സാരമായി കുറവുവന്നതായും അത് ന്യായീകരണമില്ലാത്ത തരംതാഴ്ത്തലാൽ സംഭവിച്ചതാകയാൽ അത് പരിഹരിച്ചു നൽകണമെന്ന് അപേക്ഷകയുടെ ആവശ്യം പരിഗണിച്ച് അന്യായമായ ഒരു തരം താഴ്ത്തലിൽ ടിയാൾക്ക് സംഭവിച്ച നഷ്ടം അനുവദിച്ചു നൽകുന്നത് ന്യായമായതിനാൽ പെൻഷൻ ആനുകൂല്യത്തിനു മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 21.06.2006 മുതൽ 30.04.2007 വരെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III-ലേയ്ക്ക് നോഷണൽ പ്രമോഷൻ അനുവദിച്ചുകൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III-ലേയ്ക്ക് നോഷണൽ പ്രമോഷൻ ലഭിച്ച

ശ്രീമതി.സി.സുമംഗല ദേവി ടിയാൾക്ക് പെൻഷൻ കുടിശിക അനുവദിക്കണമെന്ന് കണിച്ച് പരാതി സമർപ്പിച്ചിരുന്നതിന്മേൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടിയാൾക്ക് 21.06.2000 മുതൽ 30.04.2007 വരെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് പെൻഷൻ കുടിശിക അനുവദിക്കണമെന്ന ശ്രീമതി.സി.സുമംഗല ദേവിയുടെ ആവശ്യം ടിയാൾക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യം നല്കിയാണ് പെൻഷൻ ആനുകൂല്യത്തിനു മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 21.08.2006 മുതൽ 30.04.2007 വരെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് 21.02.2015 ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ വിരമിക്കൽ തീയതിക്കു തുടർ ച്ചയായി 01.05.2007 പ്രാബല്യത്തിൽ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന അപേക്ഷകയുടെ ആവശ്യം നിരസിച്ചുകൊണ്ട് നഗരകാര്യ ഡയറക്ടർക്ക് മറുപടി നൽകിയിരുന്നു.

3) അതിനു ശേഷം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III-ലേയ്ക്ക് നോഷണൽ പ്രമോഷൻ ലഭിച്ച ശ്രീമതി.സി.സുമംഗല ദേവി, ടിയാൾക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്ന് ലഭിച്ച് വരുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് പെൻഷൻ സ്ലിപ്പ് ലഭിക്കുന്നില്ലെന്നും, ടിയാൾക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിച്ചുവരുന്ന പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ വഴി ട്രഷറി മുഖാന്തരം ലഭിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് നൽകുകയുണ്ടായി .

4) നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ടിയാൾക്ക് പെൻഷൻ അനുവദിച്ച് നൽകുന്നതിന് ടി ഓഫീസിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും, പെൻഷൻ അനുവദിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ തിരുവനന്തപുരം നഗരസഭയിൽ അനുവദിക്കുകയും ആയത് ബാങ്ക് അക്കൗണ്ട് വഴി ടിയാൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട് എന്നതായിരുന്നു; ടിയാൾക്ക് പെൻഷൻ സ്ലിപ്പ് എല്ലാ മാസവും അനുവദിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയുള്ള എല്ലാ പെൻഷൻ ആനുകൂല്യങ്ങളും ബാങ്ക് വഴി ടിയാൾ കൈപ്പറ്റിയിട്ടുള്ളതാണ്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്- III തസ്തികയിൽ നിന്നും വിരമിച്ചിട്ടുള്ള ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ ട്രഷറി വഴി നൽകണമെന്നാണ് ടിയാളുടെ ആവശ്യം ശ്രീമതി.സി.സുമംഗലാദേവിയ്ക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലേയ്ക്ക് നോഷണലായി ഉദ്യോഗക്കയറ്റം അനുവദിച്ച് 21/02/15-ൽ സ.ഉ (സാധാ) 522/15/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രമാണ് നോഷണൽ പ്രമോഷൻ അനുവദിച്ചിട്ടുള്ളത് എന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ ജോലി ചെയ്തിട്ടില്ലാത്ത ടിയാരിയ്ക്ക് ടി തസ്തികയുടെ സ്റ്റാറ്റസിന് അർഹതയില്ലായെന്നും ടിയാരി മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ചതായി കണക്കാക്കണമെന്നും പരിശോധിച്ച് തീർപ്പാക്കുകയുണ്ടായി . മുനിസിപ്പൽ

കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് മറ്റ് സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് പോലെ 2071 എന്ന ശീർഷകത്തിൽ നിന്നും ട്രഷറി മുഖാന്തിരമല്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി മുനിസിപ്പൽ കോമൺ സ്ഥാപനം തന്നെ നിലനിർത്തിപ്പോരുന്ന പെൻഷൻ ഫണ്ടിൽ നിന്നും നേരിട്ടാണ് പെൻഷൻ നൽകി വരുന്നത്. പ്രസ്തുത സാഹചര്യത്തിൽ, ടിയാരിയുടെ പെൻഷൻ ട്രഷറി വഴി നൽകുന്നത് പരിഗണിക്കുവാൻ കഴിയില്ല എന്നതിനാൽ നിരസിച്ചിരുന്നു.

5)മേൽ തീരുമാനത്തെ തുടർന്ന് ശ്രീമതി.സി.സുമംഗല ദേവി OA 802/2020 ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.08.2020 ലെ ഉത്തരവ് താഴെ പറയും പ്രകാരമാണ്.

"The first respondent is directed to consider Annexure A7 representation submitted by the applicant in the light of the Annexure A4 order of the Government and issue necessary directions expeditiously. The first respondent is directed to pass appropriate orders on Annexure A7 representation within two months from the date of receipt of a copy of this order".

6) ശ്രീമതി.സി.സുമംഗലാദേവിയുടെ Annexure A7 നിവേദനത്തിലെ ആവശ്യം 20.10.2020 ലെ സ.ഉ (സാധാ)നം 1976/2020-തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് കൊണ്ട് സി.സുമംഗല ദേവി ഫയൽ ചെയ്ത OA 802/2020 ലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.08.2020 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിച്ചു

7) 20.10.2020 ലെ സ.ഉ (സാധാ)നം 1976/2020-തസ്വഭവ നമ്പർ ഉത്തരവ് റദ്ദുചെയ്ത് മുനിസിപ്പൽ സെക്രട്ടറി തസ്തികയിലെ പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടൻ്റ് ജനറൽ നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി.സുമംഗലാദേവി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1929/2020 ഫയൽ ചെയ്തിരുന്നു. ബഹു ട്രൈബ്യൂണൽ 25.07.2022 ൽ OA 1929/2020 dismiss ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു.

8) 25.07.2022 ൽ OA 1929/2020 dismiss ചെയ്ത ഉത്തരവിനെതിരെ ശ്രീമതി.സുമംഗലാദേവി ബഹു.ഹൈക്കോടതിയിൽ OP KAT 412/2022 ഫയൽ ചെയ്തു. OP KAT 412/2022 ബഹു.ഹൈക്കോടതിയുടെ 7/8/2022 ലെ വിധിയുണ്ടായിട്ടുള്ളതും ആയത് തിരുവനന്തപുരം നഗരസഭയ്ക്ക് അയച്ചുകൊടുത്തു കൊണ്ട് തുടർനടപടി സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ പെൻഷനും മറ്റാനുകൂല്യങ്ങളും നഗരസഭയിൽ നിന്നും നൽകിയിട്ടുള്ളതും ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം പെൻഷൻ ബുക്കിന്റെയും പെൻഷൻ അനുവദിച്ചത് സംബന്ധിച്ച മറ്റ് രേഖകളുടെയും പകർപ്പും ടിയാൾക്ക് നൽകിയിട്ടുള്ളതാണെന്നും തിരുവനന്തപുരം സെക്രട്ടറി പ്രിൻസിപ്പൽ ഡയറക്ടറെയും അഡ്വക്കേറ്റ് ജനറലിനേയും ശ്രീമതി സുമഗംലാ ദേവിയേയും അറിയിച്ചിരുന്ന വിവരം അറിയിച്ചിരുന്നു.

9) ശ്രീമതി സുമംഗലാ ദേവി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാൾക്ക്

21.06.2006 തിയതി പ്രാബല്യത്തിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ നലികിയിട്ടുള്ളതിനാൽ കേരളാ ഗവൺമെന്റ് സർവീസിൽ ഗസറ്റഡ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ട അധികാരി അക്കൗണ്ടന്റ് ജനറലും പെൻഷൻ അനുവദിക്കുന്ന അധികാരി ട്രഷറി ഓഫീസറുമായതിനാൽ ടിയാളുടെ പെൻഷൻ അക്കൗണ്ടന്റ് ജനറലായിരുന്നു അനുവദിച്ചു നൽകേണ്ടിയിരുന്നത്. എന്നാൽ ടിയാൾ സർവീസിൽ നിന്നും വിരമിച്ച സമയത്ത് (30.04.2007) ൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കിയിരുന്നതിനാൽ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുവദിച്ചു പോരുന്നതുമാണ്. ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ ഇത്തരത്തിൽ അനുവദിക്കുന്നതിലൂടെ ഭാവിയിൽ കേരളാ അക്കൗണ്ടന്റ് ജനറൽ തലത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ One Rank One Pension പ്രകാരം പുതുക്കി നിശ്ചയിക്കേണ്ട സാഹചര്യത്തിൽ ആയതിൽ തടസ്സങ്ങൾ നേരിടുമെന്ന് മനസിലാക്കുന്നുവെന്നും ആയതിനാൽ ടിയാൾ പ്രിൻസിപ്പൽ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷ നിരസിച്ച സാഹചര്യത്തിൽ ആയത് പുനപരിശോധിച്ച് കേരളാ ഗവൺമെന്റ് സർവീസിൽ ഗസറ്റഡ് തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ട അധികാരി അക്കൗണ്ടന്റ് ജനറലും പെൻഷൻ അനുവദിക്കുന്ന അധികാരി ട്രഷറി ഓഫീസറുമായതിനാൽ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ പുതുക്കി നിശ്ചയിച്ച് ആയത് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ മുഖാന്തിരം അനുവദിച്ചു നൽകുന്നതിലേക്കാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കും ടിയാളുടെ പെൻഷൻ അനുവദിച്ച നൽകിയ മറ്റു രേഖകളും അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് മാറ്റം ചെയ്യുന്നതിനാവശ്യമായ നിർദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകണമെന്നുമാണ് ടിയാൾ അപേക്ഷിച്ചിരിക്കുന്നത്.

10) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നിലവിൽ ടിയാരിക്കു തിരുവനന്തപുരം നഗരസഭയിൽ നിന്ന് ബാങ്ക് മുഖേനയാണ് പെൻഷൻ ലഭിച്ചു വരുന്നത്. ടിയാൾക്കു മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III ആയി നോഷണൽ പ്രൊമോഷൻ അനുവദിച്ചിട്ടുളളതിനാൽ ടിയാൾ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിന്ന് വിരമിച്ചതായി കണക്കാക്കാവുന്നതാണ് എന്നതിനാൽ ടിയാൾക്കു പെൻഷൻ 2071-എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകാവുന്നതാണ്. ടി സാഹചര്യത്തിൽ ശ്രീമതി.സുമംഗലാ ദേവിയുടെ പെൻഷൻ ആനുകൂല്യങ്ങൾ 2071-ശീർഷകത്തിൽ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കാൻ അക്കൗണ്ടന്റ് ജനറലിനു നിർദ്ദേശം നൽകിക്കൊണ്ടും ആയത് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ മുഖേന അനുവദിക്കുന്നതിനുളള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

11) ശ്രീമതി. സുമംഗലാദേവി.സി യുടെ പെൻഷൻ സംബന്ധിച്ച പേപ്പറുകൾ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി അർബൻ ഡയറക്ടർക്ക് കൈമാറേണ്ടതും അർബൻ ഡയറക്ടർ ആയത് അക്കൗണ്ടന്റ് ജനറലിന് അയക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ശ്രീമതി. സുമംഗലാദേവി.സി, (മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III) ശ്രീമംഗലം, കെ.ആർ.എ - ഡി23 (ബി), കവടിയാർ പി.ഒ, തിരുവനന്തപുരം - 695003

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തൃശ്ശൂർ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 18-10-2024 16:35:20

സെക്ഷൻ ഓഫീസർ